## പതിമൂന്നാം കേരള നിയമസഭ
## അഞ്ചാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം.2004 19.06.2012 ൽ മറുപടിയ്ക്ക്

### സ്വകാര്യ ബസ്സ് ജീവനക്കാരുടെ വിവേചന നടപടികൾ

| ചോദ്യം<br>ശ്രീ. ബെന്നി ബെഹനാൻ<br>ശ്രീ. തേറമ്പിൽ രാമകൃഷ്ണൻ<br>ശ്രീ. കെ. ശിവദാസൻ നായർ<br>ശ്രീ. കെ. അച്ചുതൻ | | ഉത്തരം<br>ശ്രീ. ആര്യാടൻ മുഹമ്മദ്<br>ഊർജ്ജവും ഗതാഗതവും വകുപ്പ മന്ത്രി |
|---|---|---|
| (എ) സ്വകാര്യ ബസ്സ് ജീവനക്കാരുടെ വിവേചന നടപടികൾക്കെതിരെ പരാതി നൽകാൻ സംവിധാനം ഏർപ്പെടുത്തിയിട്ടുണ്ടോ; വിശദമാക്കുമോ; | (എ) | ഉണ്ട്. സ്വകാര്യബസ്സ് ജീവനക്കാരുടെ മാന്യതയില്ലാത്ത നടപടികൾക്കെതിരെ അടുത്തുള്ള പോലീസ് സ്റ്റേഷൻ അധികാരികൾക്കും ബന്ധപ്പെട്ട ആർ.ടി.ഒ.യ്ക്കും പരാതി എഴുതി നൽകാവുന്നതാണ്. |
| (ബി) ഇതിന്റെ പ്രവർത്തനങ്ങൾ എങ്ങനെയാണ്; | (ബി) | പരാതികൾ അന്വേഷിച്ച് ശരിയാണെന്ന് ബോദ്ധ്യമായാൽ ബസുടമകൾക്കെതിരെയും ജീവനക്കാർക്കെതിരെയും മോട്ടോർ വാഹന നിയമം / ക്രിമിനൽ നടപടിചട്ടം അനുസരിച്ചുള്ള നടപടികൾ സ്വീകരിക്കാറുണ്ട്. |
| (സി) ഏതെല്ലാം തരത്തിലുള്ള പരാതികളാണ് സ്വീകരിക്കുന്നത്; വിശദമാക്കാമോ; | (സി) | എല്ലാതരത്തിലുള്ള പരാതികളും നൽകാവുന്നതാണ്. |
| (ഡി) പരാതികളിന്മേൽ അന്വേഷണം നടത്താനും അവയ്ക്ക് പരിഹാരം കാണാനും എന്തൊക്കെ സംവിധാനം ഏർപ്പെടുത്തിയിട്ടുണ്ട്? | (ഡി) | പരാതികൾ പരിശോധിച്ച് വസ്തുതാപരമായി തെളിയിക്കപ്പെടുകയാണെങ്കിൽ മോട്ടോർ വാഹന നിയമത്തിലും ക്രിമിനൽ നടപടി ചട്ടങ്ങളിലും അനുശാസിക്കുന്ന ശിക്ഷാനടപടികൾ സ്വീകരിക്കാറുണ്ട്. |

സെക്ഷൻ ഓഫീസർ